സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളുടെ പേറ്റന്റ് നേടി എടുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

കാർഷികോല്പന്നങ്ങളായ മലബാർ ഗാർബിൾഡ് പെപ്പർ (എം.ജി1) ആലപ്പി ഗ്രീൻ കാർഡമം, കൊച്ചിൻ ജിൻജർ എന്നിവയ്ക്ക് പേറ്റന്റ് ലഭിക്കുവാൻ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻസ് കാണിച്ച് ഇന്ത്യൻ രജിസ്ട്രേഷൻ അതോറിറ്റിക്കും സ്പൈസസ് ബോർഡിനും വിവരങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്. ഇതിൽ മലബാർ ഗാർബിൾഡ് പെപ്പറിന് കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലർ കൺവീനറായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

നീർത്തട പദ്ധതികൾ

*17 [805] ശ്രീ. ജോർജ്ജ് ജെ. മാത്യു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, അടൂർ പ്രകാശ്:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര നീർത്തട പദ്ധതികളുണ്ട്;

(ബി) കേരളത്തിന് തനതായ മാതൃകാ നീർത്തട പദ്ധതി ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് പറയുമോ;

(ഡി) ഒരു മാതൃകാ നീർത്തട പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ സ്വീകരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാന പദ്ധതിയിൻകീഴിൽ 61 നീർത്തട പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ 36 നീർത്തട വികസന പദ്ധതികളുമുണ്ട്.

(ബി, സി) ഇല്ല. 9-ാം പഞ്ചവത്സര പദ്ധതിയിൽ ദേശീയ നീർമറി വികസന പദ്ധതിയിൽ, കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി കേരളത്തെ 5 കാർഷിക മേഖലകളായി തിരിച്ച് ഓരോ മാതൃകാ വാട്ടർഷെഡ്ഡ് വീതം തെരഞ്ഞെടുത്തിരുന്നു. എന്നാൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖകൾക്കുള്ളിൽനിന്നുകൊണ്ട് നടപ്പാക്കിയ പദ്ധതിയായതിനാൽ കേരളത്തിന്റെ തനതായ മാതൃകാ പദ്ധതി എന്നവകാശപ്പെടുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മാതൃകാ നീർത്തടപദ്ധതിക്കു രൂപം കൊടുക്കുമ്പോൾ ഇനിപറയുന്ന നടപടികൾ സ്വീകരിക്കണം.

1. വാട്ടർഷെഡ്ഡിന്റെ അതിരുകൾ ശാസ്ത്രീയമായി നിർണ്ണയിക്കുക.

2. വാട്ടർ ഷെഡ്ഡിൽ ലഭ്യമായ വിവരങ്ങളെക്കുറിച്ചും മറ്റു സാമൂഹ്യ സാമ്പത്തിക വിവരങ്ങളെ സംബന്ധിച്ചുള്ള വിവിധ സർവ്വേകൾ നടത്തി മാപ്പുകളും അനുബന്ധ വിവരങ്ങളും ശേഖരിക്കുക.

3. ശാസ്ത്രീയമായി പി.ആർ.എ. (പാർട്ടിസിപ്പേറ്ററി റൂറൽ അപ്രൈസൽ) നടത്തി ഗുണഭോക്താക്കളുടെ ആവശ്യങ്ങളും സാങ്കേതിക പരിഗണനയും കണക്കിലെടുത്ത് പ്രോജക്ട് തയ്യാറാക്കുക.

4. വിവിധ വികസന വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വാട്ടർഷെഡ്ഡിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

5. ശാസ്ത്രീയമായ മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ വഴി വാട്ടർ ഷെഡ്ഡിലെ കാർഷിക അനുബന്ധ മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുക.

6. ശാസ്ത്രീയമായ മണ്ണു-ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ച് കൂടുതൽ മഴവെള്ളം മണ്ണിലേക്ക് താഴ്ന്നിറങ്ങി ഭൂഗർഭജലവിതാനം ഉയർത്തുവാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7. വാട്ടർ ഷെഡ്ഡിൽ അധികതൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

8. വാട്ടർഷെഡ്ഡുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

റേഷൻ ഉപയോഗം സംബന്ധിച്ച പഠനം

*18 [806] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ ഉപയോഗം സംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly